"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - കോട്ടയം കാതോലിക്കേറ്റ് & എം.ഡി മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ നിയമനാംഗീകാരത്തിനായി ശ്രീമതി. സിന്ധു.എം. ജോർജ്ജ് സർക്കാരിൽ സമർപ്പിച്ച നിവേദനങ്ങളും റിവിഷൻ ഹർജിയും തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.10461/2025/GEDN തീയതി,തിരുവനന്തപുരം, 23-12-2025

പരാമർശം:- 1) ശ്രീമതി സിന്ധു.എം.ജോർജ്ജിന്റെ 21.08.2024, 05.11.2024 തീയതികളിലെ നിവേദനങ്ങളും 05.05.2025 ലെ റിവിഷൻ ഹർജിയും.

2) എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 17.06.2025 ലെ RDDHSE/EKM/786/2025-A6 നമ്പർ കത്ത്.

3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.07.2025 ലെ എച്ച്.എസ്.ഇ/5659/2024-എ.സി.ഡി.സി5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം കാതോലിക്കേറ്റ് & എം.ഡി മാനേജ്മെന്റിന്റെ കീഴിലുള്ള കൊല്ലം ജില്ലയിലെ കുണ്ടറ എം.ജി.ഡി ഹയർ സെക്കന്ററി സ്കൂളിലെയും എറണാകുളം ജില്ലയിലെ വടവുകോട് ആർ.എം ഹയർ സെക്കന്ററി സ്കൂളിലെയും എച്ച്.എസ്.എസ്.ടി (ഗണിതം) തസ്തികയിലെ നിയമനാംഗീകാരത്തിനായി ശ്രീമതി സിന്ധു.എം.ജോർജ്ജ് സർക്കാരിൽ പരാമർശം (1) പ്രകാരം നിവേദനങ്ങളും, റിവിഷൻ ഹർജിയും സമർപ്പിക്കുകയുണ്ടായി. ടി നിവേദനങ്ങളും റിവിഷൻ ഹർജിയും വിശദമായി പരിശോധിക്കുന്നതിനായി പരാതിക്കാരിയ്ക്കും ബന്ധപ്പെട്ട മറ്റു കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. പരാതിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരമാണ്:-

"ശ്രീമതി സിന്ധു.എം.ജോർജ്ജ് തിരുവനന്തപുരം മേഖല ഉപമേധാവിയുടെ കീഴിലുള്ള കുണ്ടറ എം.ജി.ഡി ഹയർ സെക്കന്ററി സ്കൂളിൽ 2014-15 അധ്യയന വർഷത്തിൽ പുതിയതായി അനുവദിച്ച ഹയർ സെക്കന്ററി ബാച്ചിൽ 27.08.2014 മുതൽ 25.11.2018 വരെ എച്ച്.എസ്.എസ്.ടി (ഗണിതം) തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തുടർന്ന് മാനേജ്മെന്റ് ടിയാളെ 26.11.2018 മുതൽ 25.06.2019 വരെ എറണാകുളം ആർ.ഡി.ഡി യുടെ കീഴിലുള്ള വടവുകോട് ആർ.എം ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ മാറ്റി നിയമിക്കുകയുണ്ടായി. പിന്നീട് 26.06.2019 മുതൽ വടവുകോട് ആർ.എം.എച്ച്.എസ്.എസ് ൽ സ്ഥിരമായി നിയമനം ലഭിച്ചു ജോലിയിൽ തുടർന്ന് വരികയാണ്. സർക്കാർ നോമിനി ഉൾപ്പടെയുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് നിയമന നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. കുണ്ടറ എം.ജി.ഡി ഹയർ സെക്കന്ററി സ്കൂളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന മുഴുവൻ അധ്യാപകരെയും ഇതേ മാനേജ്മെന്റിന് കീഴിലുള്ള മറ്റു സ്കൂളുകളിലേക്ക് സ്ഥലംമാറ്റി നിയമിക്കുകയും ശ്രീമതി. സിന്ധു എം.ജോർജ്ജ് ഒഴികെയുള്ള മറ്റെല്ലാ അധ്യാപകർക്കും സ്ഥിര നിയമനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2014 മുതൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിച്ചപ്പോൾ ഉണ്ടായ എച്ച്.എസ്.എസ്.ടി (ഗണിതം) തസ്തികയിൽ ഉടൻ സ്ഥിരനിയമനം നൽകുമെന്ന പ്രതീക്ഷയിലാണ്

സർക്കാർ ഹയർ സെക്കന്ററി സ്കൂളിലെ ഗസ്റ്റ് ജോലി ഉപേക്ഷിച്ച് കുണ്ടറ എം.ജി.ഡി.എച്ച്.എസ്.എസ് ൽ ജോലിയിൽ പ്രവേശിച്ചത്. 27.08.2014 മുതലുള്ള നിയമന പ്രൊപ്പോസലുകൾ മാനേജർ സമർപ്പിച്ചിരുന്നുവെങ്കിലും 2014 ലോ തുടർന്നുള്ള വർഷങ്ങളിലോ നിയമനാംഗീകാരവും ശമ്പളവും ലഭിച്ചിട്ടില്ല. 26.06.2019-ലെ സ്ഥിരം നിയമന പ്രൊപ്പോസലുകൾ യഥാസമയം സമർപ്പിച്ചിരുന്നുവെങ്കിലും ആയതും 27.08.2014 മുതലുള്ള നിയമനാംഗീകാര രേഖകൾ ഹാജരാക്കിയിട്ടില്ലെന്ന കാരണത്താൽ നിരസിച്ചു. നിയമനാംഗീകാരം ലഭിച്ചിട്ടില്ലെന്ന കാരണത്താൽ സീനിയോറിറ്റി അനുസരിച്ച് പ്രൊമോഷൻ നൽകുന്നതിന് തടസ്സമില്ല. 27.08.2014 മുതൽ നാളിതുവരെ തുടർച്ചയായി എച്ച്.എസ്.എസ്.ടി (ഗണിതം) ആയി കഴിഞ്ഞ പത്ത് വർഷത്തിലധികമായി ടി മാനേജ്മെന്റിന്റെ സ്കൂളുകളിൽ ജോലി ചെയ്തുവരുന്നതാണ്. സമാന കാലയളവിലും സമാന രീതിയിലും നിയമനം ലഭിച്ച എല്ലാ അദ്ധ്യാപകരുടേയും (ഒരേ റാങ്ക് പട്ടിക, ഒരേ തീയതി) നിയമനാംഗീകാരവും ശമ്പളവും ഇതിനോടകം നൽകിയിട്ടുള്ളതും, ചില അദ്ധ്യാപകർക്ക് പ്രൊമോഷൻ ലഭിച്ചും ജോലിയിൽ തുടർന്നു വരുന്നതാണ്. ആയതിനാൽ കാതോലിക്കേറ്റ് & എം.ഡി. മാനേജ്മെന്റിന്റെ കീഴിലുള്ള മേൽ സ്കൂളുകളിലെ തന്റെ നിയമന അംഗീകാരവും ശമ്പളവും അർഹിക്കുന്ന പ്രൊമോഷനും ലഭ്യമാക്കണം.

3. കോർപ്പറേറ്റ് മാനേജരുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

"കാതോലിക്കേറ്റ് & എം.ഡി മാനേജ്മെന്റിന്റെ കീഴിലുള്ള കുണ്ടറ എം.ജി.ഡി എച്ച്.എസ്.എസ് ഫോർ ബോയ്സ് ൽ 2014-15 വർഷം ആരംഭിച്ച ഹയർ സെക്കന്ററി ബാച്ചിൽ ശ്രീമതി സിന്ധു.എം. ജോർജ്ജിനെ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. ടി കാലയളവിൽ നടത്തിയ മറ്റ് ദിവസവേതന നിയമനങ്ങൾക്കെല്ലാം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് ടിയാളെ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തികയിലെ സ്ഥിരം ഒഴിവിൽ വടവുകോട് ആർ.എം.എച്ച്.എസ്.എസ് ൽ നിയമിച്ചെങ്കിലും ആയത് നിയമന തീയതിയിൽ പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ എറണാകുളം ആർ.ഡി.ഡി നിരസിച്ചിട്ടുള്ളതാണ്. കുണ്ടറ എം.ജി.ഡി.എച്ച്.എസ്.എസ് ഫോർ ബോയ്സ് ലെ ദിവസവേതന നിയമനങ്ങൾ അംഗീകരിച്ചു കിട്ടിയാൽ മാത്രമേ ടിയാളുടെ സ്ഥിര നിയമനം അംഗീകരിക്കുന്നതിനാവശ്യമായ വയസ്സിളവ് ലഭിക്കുകയുള്ളൂ. ആയതിനാൽ തിരുവനന്തപുരം ആർ.ഡി.ഡി യിൽ ടിയാളുടെ നിയമന പ്രൊപ്പോസലുകൾ സമർപ്പിക്കുവാനുണ്ടായ കാലതാമസം മാപ്പാക്കിയും കുണ്ടറ എം.ജി.ഡി.എച്ച്.എസ്.എസ് ഫോർ ബോയ്സ് ലെ 27.08.2014 മുതൽ 24.11.2018 വരെയുള്ള കാലയളവിലെ 5 നിയമനാംഗീകാര പ്രൊപ്പോസലുകൾ അംഗീകരിക്കുവാൻ തിരുവനന്തപുരം ആർ.ഡി.ഡി ക്ക് നിർദ്ദേശം നൽകണം."

4. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം,

(i) കൊല്ലം ജില്ലയിലെ കുണ്ടറ എം.ജി.ഡി ഹയർ സെക്കന്ററി സ്കൂളിൽ 2014 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ശ്രീമതി സിന്ധു എം. ജോർജ്ജിന്റെ നിയമനാംഗീകാര ശിപാർശ, 2014 മുതലുള്ള 5 വർഷത്തെ പ്രൊപ്പോസലുകൾ ഒരുമിച്ച് അനുബന്ധ രേഖകൾ ഒന്നും ഉള്ളടക്കം ചെയ്യാതെ 5 വർഷത്തിന് ശേഷം തിരുവനന്തപുരം ആർ.ഡി.ഡി യിൽ സമർപ്പിച്ചതിനാൽ നിരസിക്കുകയുണ്ടായി. ശ്രീമതി സിന്ധു എം.ജോർജ്ജ് സേവനം ചെയ്തുവെന്ന് അവകാശപ്പെടുന്ന അതേ കാലയളവിൽ, പ്രസ്തുത സ്കൂളിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന മറ്റെല്ലാ അധ്യാപകരുടെയും നിയമനാംഗീകാര ശിപാർശകൾ നടപടിക്രമങ്ങൾ പാലിച്ച അനുബന്ധരേഖകൾ സഹിതം സമയബന്ധിതമായി സമർപ്പിച്ചിരുന്നതായും ടി നിയമനങ്ങളെല്ലാം അംഗീകരിച്ചു നൽകിയിട്ടുമുള്ളതായും തിരുവനന്തപുരം ആർ.ഡി.ഡി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ii) ശ്രീമതി.സിസ്ധു.എം.ജോർജജിനെ 26.11.2018 മുതൽ 31.03.2019 വരെ എറണാകുളം ജില്ലയിലെ വടവുകോട് ആർ.എം ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഗണിതം) തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലും തുടർന്ന് ശ്രീമതി ശോഭ ജേക്കബിന്റെ സ്ഥലംമാറ്റം മൂലമുണ്ടായ ഒഴിവിലേക്ക് 26.06.2019 മുതൽ സ്കെയിൽ ഓഫ് പേയിലും നിയമിച്ച് ശിപാർശ എറണാകുളം ആർ.ഡി.ഡി യിൽ സമർപ്പിച്ചിരുന്നു. എന്നാൽ ശ്രീമതി. സിസ്ധു എം.ജോർജജിന്റെ ജനന തീയതി 12.05.1976 ആയതിനാൽ ടിയാളുടെ പ്രായപരിധി അധികരിച്ചതായി ആർ.ഡി.ഡി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 29.08.2017 ലെ സ.ഉ (കൈ) നം. 108/2017/പൊ.വി.വ ഉത്തരവ് പ്രകാരം 2014-15 അധ്യയന വർഷം സ്കൂളുകളും ബാച്ചുകളും അനുവദിച്ചതിനെ തുടർന്ന് തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ച് അധ്യയനം നടത്തുന്ന സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചപ്പോൾ ഉണ്ടായ സ്ഥിരം ഒഴിവിലേക്ക് പരിഗണിക്കപ്പെടുന്ന ഉയർന്ന പ്രായപരിധി കഴിഞ്ഞ അധ്യാപകർക്ക് ദിവസവേതനം നിശ്ചിത പ്രായപരിധിക്ക് അകത്താണെങ്കിൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മാനേജർ ശ്രീമതി.സിസ്ധു എം.ജോർജിനെ നിയമിച്ചിരുന്നതെന്നും ടി അധ്യാപിക 2014-19 കാലയളവിൽ കുണ്ടറ എം.ജി.ഡി ബോയ്സ് എച്ച്.എസ്.എസ് ൽ എച്ച്.എസ്.എസ്.റ്റി (ഗണിതം) തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളതിന്റെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് മുൻ സർവീസിന്റെ തെളിവായി ഹാജരാക്കിയിരുന്നതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുവാൻ സാധ്യമല്ലെന്നും എറണാകുളം ആർ.ഡി.ഡി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(iii) ടി അധ്യാപികയുടെ നിയമനാംഗീകാരം പരിഗണിക്കുന്നതിനായി 27.08.2014 മുതൽ 24.11.2018 വരെയുള്ള കാലയളവിൽ ടിയാൾ സേവനമനുഷ്ഠിച്ച ദിവസവേതന നിയമനാംഗീകാര കാര്യാലയത്തിലെ ഉത്തരവുകളുടെ പകർപ്പുകൾ ഉൾപ്പെടുത്തി പുന:സമർപ്പിക്കുന്നതിനായി നിയമനാംഗീകാര അപേക്ഷ 29.10.2021 ലെ കത്ത് പ്രകാരം എറണാകുളം ആർ.ഡി.ഡി നിരസിക്കുകയുമുണ്ടായി. വടവുകോട്, ആർ.എം.എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി.സിസ്ധു.എം.ജോർജ് വീണ്ടും പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ആർ.ഡി.ഡി ഹിയറിംഗ് നടത്തുകയും ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം തിരുവനന്തപുരം ആർ.ഡി.ഡി യിൽ നിന്നും അംഗീകരിച്ച് ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ ടിയാളുടെ സ്ഥിര നിയമനം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചു കൊണ്ട് 04.08.2023 ലെ എ6/8365/ആർ.ഡി.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

(iv) ശ്രീമതി.സിസ്ധു.എം.ജോർജ് ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.7987/2024 മേലുള്ള 29.02.2024 ലെ വിധിന്യായം നടപ്പിലാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയുണ്ടായി. 29.08.2017 ലെ സ.ഉ (കൈ) നം. 108/2017/പൊ.വി.വ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നത് 2014-15 വർഷം ബാച്ച് അനുവദിച്ച പിന്നീട് തസ്തിക സൃഷ്ടിച്ചപ്പോൾ ഉണ്ടായ ഒഴിവിൽ മാത്രമായിരുന്നു. ശ്രീമതി. സിസ്ധു.എം. ജോർജ്ജിനെ വടവുകോട് എം.ജി.ഡി ഹയർ സെക്കന്ററി സ്കൂളിൽ നിയമിച്ചിരുന്നത് 2014-15 വർഷം ബാച്ച് അനുവദിച്ച പിന്നീട് തസ്തിക സൃഷ്ടിച്ചപ്പോൾ ഉണ്ടായ ഒഴിവില്ല പകരം 26.11.2018 ൽ ഉണ്ടായ പ്രൊമോഷൻ ഒഴിവിലാണ് എന്നതിനാൽ മേൽ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം അനുവദിക്കാനാവാത്തതിനാൽ ഉയർന്ന പ്രായപരിധി അതിക്രമിച്ച കാരണത്താൽ സ്ഥിരനിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിക്കുകയുണ്ടായി.

(v) ശ്രീമതി. സിസ്ഡു.എം.ജോർജിന് നിയമനാംഗീകാരം നാളിതുവരെ ലഭിക്കാതെ പോയത് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ച കൊണ്ടാണ്. 2014 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച എങ്കിലും ആയതിന്റെ പ്രൊപ്പോസലുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതും അതോടൊപ്പം 2014-15 അധ്യയന വർഷത്തിൽ കൊല്ലം ജില്ലയിലെ കുണ്ടറ എം.ജി.ഡി ഹയർ സെക്കന്ററി സ്കൂളിൽ പുതിയതായി അനുവദിച്ച ബാച്ചിൽ നിയമിച്ച ഗസ്റ്റ് അധ്യാപികയെ കോർപ്പറേറ്റ് മാനേജ്മെന്റ് ആണെന്ന വാദം ഉന്നയിച്ച കൊണ്ട് എറണാകുളം ജില്ലയിലെ വടവുകോട് ആർ.എം. ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) ഗണിതം തസ്തികയിൽ ഉണ്ടായ ഒഴിവിലേക്ക് ഗസ്റ്റ് അധ്യാപികയായി തന്നെ ട്രാൻസ്ഫർ ചെയ്യുകയാണ് ഉണ്ടായത്. ഒരു പ്രത്യേക തസ്തികയിൽ ഒഴിവുണ്ടാവുമ്പോൾ ടി തസ്തികയിലേക്ക് മാത്രമായി അഭിമുഖം നടത്തി നിയമിക്കുന്ന ഗസ്റ്റ് അധ്യാപികയെ മറ്റൊരു തസ്തികയിലെ ഒഴിവിലേക്ക് ട്രാൻസ്ഫർ ചെയ്ത മാനേജ്മെന്റ് നടപടിയും ചട്ടലംഘനമായി കാണുന്നു. തുടർന്ന് 26.06.2019 മുതൽ ശ്രീമതി.സിസ്ഡു.എം.ജോർജ്ജിനെ എറണാകുളം ജില്ലയിലെ വടവുകോട് ആർ.എം. ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഗണിതം) തസ്തികയിൽ സ്ഥിരം തസ്തികയിൽ നിയമിച്ചിരുന്നുവെങ്കിലും നിയമന വേളയിൽ ഉയർന്ന പ്രായപരിധി അതിക്രമിച്ചിരുന്നതായും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി സിസ്ഡു.എം.ജോർജ്ജ് നെ കുണ്ടറ എം.ജി.ഡി ഹയർ സെക്കന്ററി സ്കൂളിൽ 2014-15 അധ്യയന വർഷത്തിൽ പുതിയതായി അനുവദിച്ച ഹയർ സെക്കന്ററി ബാച്ചിൽ എച്ച്.എസ്.എസ്.ടി (ഗണിതം) തസ്തികയിൽ 27.08.2014 മുതൽ 25.11.2018 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. തുടർന്ന് ടിയാളെ 26.11.2018 മുതൽ 25.06.2019 വരെ എറണാകുളം ജില്ലയിലെ വടവുകോട് ആർ.എം ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ മാറ്റി നിയമിക്കുകയുണ്ടായി. പിന്നീട് 26.06.2019 മുതൽ വടവുകോട് ആർ.എം.എച്ച്.എസ്.എസ് ൽ സ്ഥലംമാറ്റം മുഖേന ഉണ്ടായ സ്ഥിരം ഒഴിവിൽ നിയമിക്കുകയുണ്ടായി. ദിവസവേതന നിയമനം അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ 5 വർഷത്തിനുശേഷം അനുബന്ധ രേഖകൾ കൂടാതെ സമർപ്പിച്ചതിനാൽ ആർ.ഡി.ഡി നിരസിക്കുകയുണ്ടായി. 26.06.2019 മുതൽ വടവുകോട് ആർ.എം.എച്ച്.എസ്.എസ് ൽ സ്ഥലംമാറ്റം മുഖേന ഉണ്ടായ സ്ഥിരം ഒഴിവിലെ നിയമനം അംഗീകരിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 12.05.1976 ജനന തീയതിയായ ശ്രീമതി. സിസ്ഡു എം. ജോർജ്ജിന് നിയമന തീയതിയിൽ ഉയർന്ന പ്രായപരിധി അധീകരിച്ചതിനാൽ നിരസിക്കുകയുണ്ടായി. 29.08.2017 ലെ സ.ഉ (കൈ) നം. 108/2017/പൊ.വി.വ പ്രകാരം 2014-15 അധ്യയന വർഷം സ്കൂളുകളും ബാച്ചുകളും അനുവദിച്ചതിനെ തുടർന്ന് തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ച് അധ്യയനം നടത്തുന്ന സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചപ്പോൾ ഉണ്ടായ സ്ഥിരം ഒഴിവിലേക്ക് പരിഗണിക്കപ്പെടുന്ന ഉയർന്ന പ്രായപരിധി കഴിഞ്ഞ അധ്യാപകർക്ക് ദിവസവേതനം നിശ്ചിത പ്രായപരിധിക്ക് അകത്താണെങ്കിൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചിരുന്നു. എന്നാൽ ശ്രീമതി സിസ്ഡു.എം. ജോർജ്ജിന്റെ 26.06.2019 മുതലുള്ള സ്ഥിര നിയമനം 2014-15 അധ്യയന വർഷം സ്കൂളുകളും ബാച്ചുകളും അനുവദിച്ചതിനെ തുടർന്ന് സൃഷ്ടിച്ച തസ്തികയിലല്ല പകരം സ്ഥലംമാറ്റം മുഖേന ഉണ്ടായ ഒഴിവിലായതിനാൽ മേൽ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കാത്തതിനാൽ നിയമനാംഗീകാരം നിരസിച്ച് WP(C)No.7987/2024 ന്മേലുള്ള 29.02.2024 ലെ വിധിന്യായം പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപ്പാക്കുകയുണ്ടായി. ഈ സാഹചര്യത്തിലാണ് കാതോലിക്കേറ്റ് & എം.ഡി മാനേജ്മെന്റിന്റെ കീഴിലുള്ള തന്റെ നിയമനം അംഗീകരിക്കുന്നതും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുമായി സർക്കാരിൽ റിവിഷൻ

ഹർജി സമർപ്പിച്ചിട്ടുള്ളത്.

6. കാതോലിക്കേറ്റ് & എം.ഡി മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ ശ്രീമതി സിസ്ധു.എം.ജോർജ്ജ് ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന മറ്റെല്ലാ അധ്യാപകരുടെയും നിയമനാംഗീകാര ശിപാർശകൾ നടപടിക്രമങ്ങൾ പാലിച്ച് അനുബന്ധരേഖകൾ സഹിതം മനേജർ സമയബന്ധിതമായി സമർപ്പിച്ചതിനാൽ ടി നിയമനങ്ങളെല്ലാം അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഇതിൽ നിന്നും ശ്രീമതി സിസ്ധു.എം.ജോർജ്ജ് ന്റെ നിയമനാംഗീകാര പ്രൊപ്പോസൽ യഥാസമയം സമർപ്പിക്കുന്നതിൽ മാനേജരുടെ ഭാഗത്തു നിന്നും ബോധപൂർവമായ വീഴ്ച ഉണ്ടായെന്നാണ് വ്യക്തമാവുന്നത്. യാതൊരു അനുബന്ധ രേഖകളും കൂടാതെ സമർപ്പിച്ച നിയമനാംഗീകാര പ്രോപ്പോസൽ നിരസിക്കുകയും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ സഹിതം പുന:സമർപ്പിക്കുവാൻ ആർ.ഡി.ഡി നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് പുന:സമർപ്പിച്ചിട്ടില്ല. നിയമന പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി ശ്രീമതി സിസ്ധു.എം.ജോർജ്ജ് ന്റെ നിയമനങ്ങൾ അംഗീകരിക്കണമെന്ന് മാനേജർ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ഇപ്രകാരം മാനേജരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾ കാരണം ശ്രീമതി സിസ്ധു.എം.ജോർജ്ജ് 10 വർഷത്തിലധികമായി നിയമനാംഗീകാരമോ ശമ്പളമോ ഇല്ലാതെ സേവനത്തിൽ തുടരുകയാണ്.

7. മേൽ സാഹചര്യത്തിൽ, കോട്ടയം കാതോലിക്കേറ്റ് & എം.ഡി മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ ശ്രീമതി.സിസ്ധു.എം.ജോർജ്ജ്-ന്റെ ദിവസവേതന നിയമനങ്ങൾ അംഗീകരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം നിയമനാംഗീകാര പ്രോപ്പോസൽ അടിയന്തരമായി ബന്ധപ്പെട്ട മേഖലാ ഉപമേധാവിയ്ക്ക് സമർപ്പിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിയും, അപ്രകാരമുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് കാലതാമസം മാപ്പാക്കി മറ്റെല്ലാവിധത്തിലും ക്രമപ്രകാരമെങ്കിൽ നിയമനം അംഗീകരിക്കുന്നതിനും ടി നിയമനാംഗീകാര ഉത്തരവുകൾ സഹിതം മാനേജർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ 26.06.2019 മുതലുള്ള സ്ഥിര നിയമനം അംഗീകരിക്കുന്നതിനും തിരുവനന്തപുരം/എറണാകുളം മേഖലാ ഉപമേധാവിയ്ക്ക് നിർദ്ദേശം നൽകിയും അപ്രകാരം പരാമർശം (1) നിവേദനങ്ങളും റിവിഷൻ ഹർജിയും തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. 24.04.2018 ലെ 1032856/റ്റി1/2016/പൊവിവ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ച് ശ്രീമതി.സിസ്ധു എം. ജോർജജിന് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കേണ്ടതും ടി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പരിഗണിക്കുവാൻ സാധിക്കാതെ വരുന്നപക്ഷം, 24.01.2020 ലെ ജെ2/24/2019-പൊ.വി.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം/ എറണാകുളം.

മാനേജർ, കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ്, ദേവലോകം, കോട്ടയം-4.
ശ്രീമതി സിന്ധു.എം.ജോർജ്ജ്, നിലവറയ്യത്ത്, കരമ്പാല, പന്തളം.പി.ഒ, പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 23-12-2025 15:50:54

സെക്ഷൻ ഓഫീസർ